പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1548** **05.12. 2014-** ലെ മറുപടി

## പ്രവാസി ക്ഷേമനിധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രവാസി ക്ഷേമനിധിയിൽ നിന്നുള്ള പെൻഷന് അപേക്ഷിച്ചിട്ടുള്ളവർ എത്ര; എത്രപേർക്ക് പെൻഷൻ നൽകി വരുന്നുണ്ട്; എത്ര അപേക്ഷകളിന്മേൽ ഇനിയും നടപടി സ്വീകരിക്കാനുണ്ട്; | (എ) 2014 ഒക്ടോബർ മാസം വരെ പെൻഷന് അർഹരായി അപേക്ഷിച്ച 124 പേർക്കും കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ നിന്നും പെൻഷൻ അനുവദിച്ചിട്ടുണ്ട്. |
| (ബി) പെൻഷൻ തുക എത്രയാണ്; ഇത് വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ; ഏത് തീയതി മുതലുള്ള പെൻഷൻ കുടിശ്ശികയായിട്ടുണ്ട് ? | (ബി)പ്രവാസി കേരളീയൻ (വിദേശം) അംഗങ്ങൾക്ക് പ്രതിമാസം 1,000/- രൂപയും മുൻ പ്രവാസി കേരളീയൻ (വിദേശം) അംഗങ്ങൾക്കും പ്രവാസി കേരളീയൻ(ഭാരതം) അംഗങ്ങൾക്കും, കല്പിത അംഗങ്ങൾക്കും പ്രതിമാസം 500/- രൂപയുമാണ് മിനിമം പെൻഷൻ. പെൻഷൻ കുടിശ്ശികയായിട്ടില്ല. പെൻഷൻ തുക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ